**Malayala Manorama**
**29 August 2018**
**Kochi, After Flood**

# ‘കവർന്നതല്ല, ദുരിത ബാധിതരെ സഹായിക്കാൻ എടുത്തത്’

കൊച്ചി • പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്കു വിതരണം ചെയ്യാൻ വിദേശത്തു നിന്നെത്തിയ വസ്ത്രങ്ങൾ വനിതാ പൊലീസുകാർ വീട്ടിലേക്കു കടത്താൻ ശ്രമിച്ചിട്ടില്ലെന്നും സ്വന്തം വീടുകളുടെ പരിസര പ്രദേശങ്ങളിൽ വിതരണം ചെയ്യാനാണ് അവ എടുത്തതെന്ന വിശദീകരണവുമായി പൊലീസ് രംഗത്ത്.

സംഭവം വിവാദമായതോടെ ഇവ തിരികെ നൽകിയെന്നും അധികൃതർ പറഞ്ഞു. ദുരിത ബാധിതർക്കു വിതരണം ചെയ്യാൻ വിദേശത്തു നിന്നു കണ്ടെയ്നറിലെത്തിയ വസ്ത്ര ശേഖരത്തിൽ നിന്നാണ് നഗരത്തിലെ പൊലീസ് സ്റ്റേഷനുകളിലൊന്നിലെ വനിതാ പൊലീസുകാർ വസ്ത്രങ്ങൾ എടുത്തത്.

എട്ടു വനിതാ പൊലീസുകാർക്കായിരുന്നു കണ്ടെയ്നറിലെത്തിയ വസ്ത്രങ്ങളുടെ തരംതിരിക്കൽ ചുമതല.

ഇവരിൽ ചിലർ വസ്ത്രങ്ങൾ എടുത്തുകൊണ്ടുപോയതു പരിസര പ്രദേശങ്ങളിലെ ദുരിത ബാധിതരെ സഹായിക്കാനാണെന്നാണു പൊലീസ് ഇപ്പോൾ വിശദീകരിക്കുന്നത്.